# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

05.02.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2324

### വ്യവസായ സൗഹൃദ സംസ്ഥാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദ മാക്കുന്നതിനുവേണ്ടി ഏതൊക്കെ വകുപ്പുകളിലെ നിയമങ്ങളാണ് പരിഷ്കരി ച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) & (ബി) | കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനു വേണ്ടി 'ഈസ് ഓഫ്-ഡൂയിംഗ് ബിസിനസ്സ്' എന്ന പദ്ധതിയുടെ ഭാഗമായി വിവിധ മേഖലയിൽ ചട്ടങ്ങളുടേയും നിയമങ്ങളുടേയും നവീകരണം നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരി ച്ചുവരുന്നു. വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി നിലവിലുള്ള ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ& ഫെസിലി റ്റേഷൻ ആക്ട് 2017 എന്ന പേരിൽ പുതിയ ഓർഡിനൻസ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>പ്രസ്തുത ഓർഡിനൻസ് മുഖേന തദ്ദേശസ്വയംഭരണം, വ്യവസായം, തൊഴിൽ, ഊർജ്ജം, ജലം എന്നീ വകുപ്പുകളുടെ താഴെപ്പറയുന്ന നിയമങ്ങളാണ് പരിഷ്കരിച്ചിട്ടുള്ളത്.<br>1. കേരള പഞ്ചായത്ത് രാജ് ആക്ട് - 1994<br>2. കേരള മുൻസിപ്പാലിറ്റി ആക്ട് - 1994<br>3. കേരള ലിഫ്റ്റ് ആന്റ് എക്സലറേറ്റ്സ് ആക്ട് - 2013<br>4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് - 2002 |
| (ബി) | ഇതിനായി വ്യവസായ വകുപ്പിന്റെ പ്രത്യേക അപേക്ഷാ ഫോറങ്ങൾ ലളിതവൽക്കരിക്കുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | 5. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് - 1978<br>6. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് - 1960<br>7. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്പ്മെന്റ് ആക്ട് - 1999.<br><br>വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനവും, പൊതുവായുള്ള ഒരു അപേക്ഷാഫോറവും നടപ്പിലാക്കുന്നതിനായി നാഷണൽ ഇൻഫോർമാറ്റിക് സെന്ററിനെ നിയോഗിച്ചിട്ടുണ്ട്.<br>പ്രസ്തുത ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ ഫോറം മുഖേന എല്ലാ വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ലഭ്യമാക്കാവുന്നതാണ്. |

Bindu T

**സെക്ഷൻ ഓഫീസർ.**